From


സെക്രട്ടറി

**സ്റ്റേറ്റ് റഗ്ബി അസ്സോസിയേഷൻ**

**Bld.No. ARA 32G**

**നീരാജ്ഞനം, ARA 32G,**

**മുണ്ടയ്ക്കൽ ഈസ്റ്റ്, കൊല്ലം-691001**


To

**ദി ജില്ലാ രജിസ്ട്രാർ (ജനറൽ)**

**കൊല്ലം.**

**വിഷയം:- അസ്സോസിയേഷൻ രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച്.**

**സർ,**

കൊല്ലം ജില്ലയിൽ **മുണ്ടയ്ക്കൽ ഈസ്റ്റ്** പി. ഓ യിൽ **കൊല്ലം** കേന്ദ്രമാക്കി "**സ്റ്റേറ്റ് റഗ്ബി അസ്സോസിയേഷൻ**" എന്ന പേരിൽ ഒരു സംഘടന രജിസ്റ്റർ ചെയ്യുന്നതിന് വേണ്ടി മെമ്മോറാണ്ടവും നിയമാവലിയും ചുവടെ ചേർക്കുന്നു. ടി സംഘടന 1955-ലെ 12-മത് തിരു-കൊച്ചി ശാസ്ത്ര-സാഹിത്യ സംഘങ്ങൾ രജിസ്റ്റർ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത് തരണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

6/11/15

കൊല്ലം

(ഒപ്പ്)

സെക്രട്ടറി

Scanned by CamScanner

भारतीय गैर न्यायिक

भारत INDIA

रु. 500 FIVE HUNDRED RUPEES

पाँच सौ रुपये Rs. 500

सत्यमेव जयते

INDIA NON JUDICIAL

കേരളം केरल KERALA

F 25913(

# സ്റ്റേറ്റ് റഗ്ബി അസ്സോസിയേഷൻ

## മെമ്മോറാണ്ടം ഓഫ് അസ്സോസിയേഷൻ

1. ക്ലബ്ബിന്റെ പേര് - സ്റ്റേറ്റ് റഗ്ബി അസ്സോസിയേഷൻ
2. ക്ലബ്ബിന്റെ മേൽവിലാസം - സ്റ്റേറ്റ് റഗ്ബി അസ്സോസിയേഷൻ<br>Bld.No. ARA 32G<br>നീരാജ്ഞനം, ARA 32G,<br>മുണ്ടയ്ക്കൽ ഈസ്റ്റ്, കൊല്ലം-691001
3. ആസ്ഥാനം - കൊല്ലം ജില്ല
4. പ്രവർത്തനപരിധി - കേരള സംസ്ഥാനം

***5. ഉദ്ദേശ ലക്ഷ്യങ്ങൾ:***

1. പ്രവർത്തന പരിധിയിലെ അഭിരുചിയുള്ള യുവതീ യുവാക്കളുടെ കായിക ക്ഷമത വളർത്തി റഗ്ബി എന്ന കായിക വിനോദത്തിനായി പ്രയോജനപ്പെടുത്തുക
2. അംഗങ്ങളുടെ ഇടയിൽ സമത്വവും സാഹോദര്യവും വളർത്തുക

| | | |
|---|---|---|
| പ്രസിഡന്റ് | സെക്രട്ടറി | ഖജാൻജി |
| മഹേഷ് കുമാർ | ജയകൃഷ്ണൻ.ആർ | സ്മിത..യു.കെ |

DISTRICT STAMP

16 OCT 201

K. SIVARAJAN

Scanned by CamScanner

3. കലാകായിക സാസ്കാരിക സാമൂഹിക രംഗത്തെ ഉന്നമനത്തിമായി പ്രവർത്തിക്കുക

4. കലാകായിക മത്സരങ്ങൾ റഗ്ബി പരിശീലന ക്ലാസുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക

5. രക്തദാനം അവയവ ദാനം എന്നിവയെ പ്രോത്സാഹിപ്പിക്കുക

6. നാടിന്റെ വികസന പ്രവർത്തനങ്ങളിൽ സഹകരിച്ച് പ്രവർത്തിക്കുക

7. വായനശാല, ഗ്രന്ധശാല, പഠനകേന്ദ്രങ്ങൾ സ്കൂളുകൾ കായിക പരിശീലന കേന്ദ്രങ്ങൾ എന്നിവ മുഖേന റഗ്ബിയുടെ പുരോഗതിക്കു വേണ്ടി പ്രവർത്തിക്കുക

8. മദ്യം മയക്കുമരുന്ന് എന്നിവയുടെ ദുഷ്യവശങ്ങളെപ്പറ്റി ജനങ്ങളെ ബോധവാൻമാരാക്കുക

| | | |
|---|---|---|
| പ്രസിഡന്റ് | സെക്രട്ടറി | ഖജാൻജി |
| മഹേഷ് കുമാർ | ജയകൃഷ്ണൻ.ആർ | സ്മിത..യു.കെ |

Scanned by CamScanner

# സ്റ്റേറ്റ് റഗ്ബി അസ്സോസിയേഷൻ -ന്റെ ഔദ്യോഗിക ഭാരവാഹികൾ

| പേര് | മേൽവിലാസം | തൊഴിൽ | പദവി |
|---|---|---|---|
| 1. മഹേഷ്കുമാർ | മൗലിക<br>നെല്ലിമുക്ക്,<br>തിരുമുല്ലാവാരം പി.ഒ.,<br>കൊല്ലം | ബിസിനസ്സ് | പ്രസിഡന്റ് |
| 2.ജയകൃഷ്ണൻ.ആർ | നീരാജ്ഞനം,<br>ARA. 32G,മുണ്ടയ്ക്കൽ ഈസ്റ്റ്,<br>കൊല്ലം-691001 | ബിസിനസ്സ് | സെക്രട്ടറി |
| 3.സ്മിത.യു.കെ | TC 22/31 (B)<br>കൃഷ്ണസദനം<br>മണക്കാട് പി.ഒ,<br>തിരുവനന്തപുരം | ബിസിനസ്സ് | ട്രഷറർ |
| 4. വിനു.വി | കൈപ്പങ്ങയിൽ മീത്തൽ<br>കുറ്റിക്കാട്ടൂർ<br>വെള്ളിപറമ്പ്<br>കോഴിക്കോട് | ബിസിനസ്സ് | ജോ.സെക്രട്ടറി |
| 5. കല്ലറ മധു | സൗപർണ്ണിക,<br>കല്ലുംമൂട്ടിൽ ഗാർഡൻ<br>ആനയറ. പേട്ട<br>തിരുവനന്തപുരം | അഡ്വക്കേറ്റ് | രക്ഷാധികാരി |
| 6. രശ്മി.വി | 16/1506 (1)<br>ഹൗസ് നം. 26 B,<br>മണി ഭവൻ<br>കണ്ണേറ്റു മുക്ക്<br>തിരുവനന്തപുരം-695009 | ബിസിനസ്സ് | വൈസ് പ്രസിഡന്റ് |
| 7.രാമഭദ്രൻ | രേഖ നം. 86<br>ശങ്കർ നഗർ<br>കൊല്ലം | ബിസിനസ്സ് | എക്സി.അംഗം |

പ്രസിഡന്റ്
മഹേഷ് കുമാർ

സെക്രട്ടറി
ജയകൃഷ്ണൻ.ആർ

ഖജാൻജി
സ്മിത..യു.കെ

Scanned by CamScanner

# ഡിക്ലറേഷൻ

2015-ാമാണ്ട് നവംബർ മാസം 04-ാം തീയതി പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽവച്ച് താഴെ പേരെഴുതി ഒപ്പിട്ടിരിക്കുന്ന അംഗങ്ങൾ 1955-ലെ 12-ാംമത് ശാസ്ത്ര സാഹിത്യ സംഘങ്ങൾ രജിസ്ട്രർ ആക്കുന്നതനുസരിച്ച് " **സ്റ്റേറ്റ് റഗ്ബി അസ്സോസിയേഷൻ** എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ച് പ്രവർത്തിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. ടി സംഘടന രജിസ്റ്റർ ചെയ്തു തരണമെന്ന് അപേക്ഷിക്കുന്നു. ടി സംഘടനയുടെ പ്രവർത്തനപരിധിയിൽ ഇതേ പേരിൽ ഇതേ ഉദ്ദേശലക്ഷ്യങ്ങളോടെ മറ്റൊരു സംഘടന നിലവിൽ ഇല്ലെന്ന് ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു.

| പേര് | മേൽവിലാസം | തൊഴിൽ | പദവി | ഒപ്പ് |
|---|---|---|---|---|
| 1. മഹേഷ്കുമാർ | മൗലിക<br>നെല്ലിമുക്ക്,<br>തിരുമുല്ലാവാരം പി.ഒ.,<br>കൊല്ലം | ബിസിനസ്സ് | പ്രസിഡന്റ് | |
| 2.ജയകൃഷ്ണൻ.ആർ | നീരാജ്ഞനം,<br>ARA. 32G,മുണ്ടയ്ക്കൽ ഈസ്റ്റ്,<br>കൊല്ലം-691001 | ബിസിനസ്സ് | സെക്രട്ടറി | |
| 3.സ്മിത.യു.കെ | TC 22/31 (B)<br>കൃഷ്ണസദനം<br>മണക്കാട് പി.ഒ,<br>തിരുവനന്തപുരം | ബിസിനസ്സ് | ട്രഷറർ | |
| 4. വിനു.വി | കൈപ്പങ്ങയിൽ മീത്തൽ<br>കുറ്റിക്കാട്ടൂർ<br>വെള്ളിപറമ്പ്<br>കോഴിക്കോട് | ബിസിനസ്സ് | ജോ.സെക്രട്ടറി | |
| 5. കല്ലറ മധു | സൗപർണ്ണിക,<br>കല്ലുംമൂട്ടിൽ ഗാർഡൻ<br>ആനയറ. പേട്ട<br>തിരുവനന്തപുരം | അഡ്വക്കേറ്റ് | രക്ഷാധികാരി | |
| 6. രശ്മി.വി | 16/1506 (1)<br>ഹൗസ് നം.26 B,<br>മണി ഭവൻ<br>കന്നേറ്റു മുക്ക്<br>തിരുവനന്തപുരം-695009 | ബിസിനസ്സ് | വൈസ് പ്രസിഡന്റ് | |
| 7.രാമഭദ്രൻ | രേഖ നം.86<br>ശങ്കർ നഗർ<br>കൊല്ലം | ബിസിനസ്സ് | എക്സി.അംഗം | |

Scanned by CamScanner

# സ്റ്റേറ്റ് റഗ്ബി അസ്സോസിയേഷൻ

## ഭരണവ്യവസ്ഥയും നിയമാവലിയും

1. ക്ലബ്ബിന്റെ പേര് - സ്റ്റേറ്റ് റഗ്ബി അസ്സോസിയേഷൻ
2. ക്ലബ്ബിന്റെ മേൽവിലാസം - സ്റ്റേറ്റ് റഗ്ബി അസ്സോസിയേഷൻ
   Bld.No. ARA 32G
   നീരാജ്ഞനം, ARA 32G,
   മുണ്ടയ്ക്കൽ ഈസ്റ്റ്, കൊല്ലം-691001
3. ആസ്ഥാനം - കൊല്ലം ജില്ല
4. പ്രവർത്തനപരിധി - കേരള സംസ്ഥാനം

***5. ഉദ്ദേശ ലക്ഷ്യങ്ങൾ:***

1. പ്രവർത്തന പരിധിയിലെ അഭിരുചിയുള്ള യുവതീ യുവാക്കളുടെ കായിക ക്ഷമത വളർത്തി റഗ്ബി എന്ന കായിക വിനോദത്തിനായി പ്രയോജനപ്പെടുത്തുക
2. അംഗങ്ങളുടെ ഇടയിൽ സമത്വവും സാഹോദര്യവും വളർത്തുക
3. കലാകായിക സാസ്കാരിക സാമൂഹിക രംഗത്തെ ഉന്നമനത്തിമായി പ്രവർത്തിക്കുക
4. കലാകായിക മത്സരങ്ങൾ റഗ്ബി പരിശീലന ക്ലാസുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക
5. രക്തദാനം അവയവ ദാനം എന്നിവയെ പ്രോത്സാഹിപ്പിക്കുക
6. നാടിന്റെ വികസന പ്രവർത്തനങ്ങളിൽ സഹകരിച്ച് പ്രവർത്തിക്കുക
7. വായനശാല, ഗ്രന്ധശാല, പഠനകേന്ദ്രങ്ങൾ സ്കൂളുകൾ കായിക പരിശീലന കേന്ദ്രങ്ങൾ എന്നിവ മുഖേന റഗ്ബിയുടെ പുരോഗതിക്കു വേണ്ടി പ്രവർത്തിക്കുക
8. മദ്യം മയക്കുമരുന്ന് എന്നിവയുടെ ദുഷ്യവശങ്ങളെപ്പറ്റി ജനങ്ങളെ ബോധവാൻമാരാക്കുക

| | | |
|---|---|---|
| പ്രസിഡന്റ് | സെക്രട്ടറി | ഖജാൻജി |
| മഹേഷ് കുമാർ | ജയകൃഷ്ണൻ.ആർ | സ്മിത..യു.കെ |

Scanned by CamScanner

**5. അംഗത്വം:-**

1) അസ്സോസിയേഷന്റെ (സംഘത്തിന്റെ) പരിധിയിൽ സ്ഥിര താമസമാക്കിയിട്ടുള്ള 18 വയസ്സ് പൂർത്തിയായ യുവതീയുവാക്കൾക്ക് അംഗമായി ചേരാവുന്നതാണ്

2) അംഗമായി ചേരുന്നവർ 100/- രൂപ പ്രവേശന ഫീസും തുടർന്ന് പ്രതിവർഷം 600/- രൂപ വരിസംഖ്യയും നൽകേണ്ടതാണ്.

3) അംഗമായി ചേരുന്നവർ അംഗത്വ രജിസ്റ്ററിൽപേരും വിലാസവും, അംഗമായി ചേരുന്ന തീയതിയും ചേർത്ത് ഒപ്പു വയ്ക്കേണ്ടതാണ്.

4) അംഗത്വത്തിനുള്ള അപേക്ഷകൾ പരിശോധിച്ച് അവയെപ്പറ്റി തീരുമാനമെടുക്കുവാനുള്ള അധികാരം ഭരണസമിതിക്ക് മാത്രമായിരിക്കും.

5) അംഗങ്ങളാകാൻ ആഗ്രഹിക്കുന്നവരെ ഏതെങ്കിലും ഒരു അസ്സോസിയേഷൻ അംഗം പരിചയപ്പെടുത്തേണ്ടതാണ്

6) മൂന്ന് മാസത്തിലധികം കാലം വരിസംഖ്യ യാതൊരാൾക്കും വോട്ടു ചെയ്യുന്നതിനോ അംഗമായി ഗണിക്കുന്നതിനോ അർഹത ഉണ്ടായിരിക്കുന്നതല്ല. പ്രസ്തുത അംഗത്തിന് നോട്ടീസ് നൽകി അംഗത്വത്തിൽ നിന്നും പുറത്താക്കാവുന്നതാണ്. കൂടാതെ അസ്സോസിയേഷൻ നിയമാവലിക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവരെയും അസ്സോസിയേഷൻ സൽപേരിന് ദോഷം വരുത്തുന്നവരേയും പൊതുയോഗത്തിന്റെ അനുമതിയോടെ അംഗത്വത്തിൽ നിന്നും ഒഴിവാക്കാൻ ഭരണസമിതിക്ക് അധികാരമുണ്ടായിരിക്കും. ഇപ്രകാരം ഒഴിവാക്കപ്പെടുന്നവർക്ക് അടച്ച വരിസംഖ്യ തിരിച്ചു കിട്ടുന്നതല്ല.

**6. അംഗത്വം ഇല്ലാതാകൽ :-**

1. രാജി രേഖാമൂലം സമർപ്പിക്കുകയും അത് ഭരണസമിതി അംഗീകരിക്കുകയും ചെയ്താൽ.

2. തുടർച്ചയായി മൂന്നു മാസം മാസവരി കുടിശ്ശിഖ വരുത്തിയാൽ (എന്നാൽ കുടിശ്ശിഖ ഒന്നായി ഒടുക്കിയാൽ വീണ്ടും അംഗമാകാവു ന്നതാണ്).

3. ഏതെങ്കിലും അംഗം ക്ലബ്ബിന്റെ നിബന്ധനകൾക്കും താൽപര്യങ്ങൾക്കും തീരുമാനങ്ങൾക്കും വിപരീതമായി പ്രവർത്തിക്കുന്നുവെന്ന് ഭരണ സമിതിയക്ക് ബോദ്ധ്യപ്പെടുകയും പൊതുയോഗം അംഗീകരിക്കുകയും ചെയ്താൽ.

| | | |
|---|---|---|
| പ്രസിഡന്റ് | സെക്രട്ടറി | ഖജാൻജി |
| മഹേഷ് കുമാർ | ജയകൃഷ്ണൻ.ആർ | സ്മിത..യു.കെ |

Scanned by CamScanner

4. കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടു ശിക്ഷിക്കപ്പെടുകയും ദേശ സംസ്ഥാന രാഷ്ട്ര താൽപര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നതായി ഭരണ സമിതിക്ക് ബോദ്ധ്യപ്പെടുകയും പൊതുയോഗം അംഗീകരിക്കുകയും ചെയ്താൽ.

7. ***അസ്സോസിയേഷന്റെ ആസ്തി***: അസ്സോസിയേഷന്റെ വകയായ സ്ഥാവര ജംഗമ വസ്തുക്കൾ ആ അസ്സോസിയേഷന്റെ അതാതു കാലങ്ങളിലെ ഭരണസമിതിയിൽ തൽക്കാലത്തേക്ക് നിക്ഷിപ്തമായിരിക്കുന്നതാണ്. അസ്സോസിയേഷനു വേണ്ടി വാങ്ങുന്ന വസ്തുവകകൾ അതാതു കാലത്തെ പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും കൂട്ടായ പരിൽ വാങ്ങേണ്ടതാണ്. അസ്സോസിയേഷന്റെ ആസ്തി യാതൊരു കാരണവശാലും അംഗങ്ങൾക്കിടയിൽ വീതിക്കുവാൻ പാടില്ലാത്തതാകുന്നു.

8. ***പ്രവർത്തന ഫണ്ട്***: പൊതുയോഗം തീരുമാനിക്കുന്ന പ്രകാരം അംഗങ്ങളിൽ നിന്നും പിരിച്ചെടുക്കുന്ന പ്രവേശനഫീസ്, വരിസംഖ്യ, മറ്റു സംഭാവനകൾ കുടാതെ അസ്സോസിയേഷന്റെ പൊതുയോഗം രൂപം കൊടുക്കുന്ന പദ്ധതികൾ മുഖേനയുള്ള വരവ്, സർക്കാരിൽ നിന്നോ മറ്റു സ്ഥാപനങ്ങളിൽ നിന്നോ ലഭിക്കുന്ന ഗ്രാന്റുകൾ എന്നിവകൾ ആയിരിക്കും ക്ലബ്ബിന്റെ പ്രവർത്തന ഫണ്ട് .

9. ***പ്രവേശന ഫീസ്,*** : സംഘടനയിലേയ്ക്കുള്ള പ്രവേശന ഫീസ് 100/- (നൂറ്) രൂപയായിരിക്കും. പ്രവേശനത്തിനുള്ള അപേക്ഷാഫാറത്തിനോടൊപ്പം ഈ തുക നൽകേണ്ടതാണ്.

10. ***വരിസംഖ്യ -*** : സംഘടന അംഗങ്ങളിൽ നിന്ന് പൊതുയോഗം തീരുമാനിച്ച പ്രകാരം രൂപ 50/- ( അമ്പത് രൂപ) മാസ വരിസംഖ്യ പിരിയ്ക്കാവുന്നതാണ്.

11. ***പൊതുയോഗം***: പൊതുയോഗമായിരിക്കും സംഘടനയുടെ പരമാധികാരി.

1. അംഗമായി രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാവർക്കും പൊതുയോഗത്തിൽ വോട്ടവകാശമുണ്ടായിരിക്കും.

2. ഗൃഹനാഥന് പൊതുയോഗത്തിൽ പങ്കെടുക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ അവർ നിർദ്ദേശിക്കുന്ന മറ്റൊരു കുടുംബാംഗത്തിന് പൊതുയോഗത്തിൽ പങ്കെടുക്കാനും വോട്ടവകാശം വിനിയോഗിയ്ക്കാനും അവകാശമുണ്ടായിരിക്കും.

| | | |
|---|---|---|
| പ്രസിഡന്റ് | സെക്രട്ടറി | ഖജാൻജി |
| മഹേഷ് കുമാർ | ജയകൃഷ്ണൻ.ആർ | സ്മിത..യു.കെ |

Scanned by CamScanner

3. വർഷത്തിൽ വാർഷിക പൊതുയോഗത്തിന് ഉപരിയായി നാല്പ്രാവശ്യമെങ്കിലും പൊതുയോഗം കൂടെണ്ടതാണ്.

4. പ്രവർത്തന കാലവധി രണ്ടു വർഷമായിരിക്കും.

5. വാർഷിക പൊതുയോഗം എല്ലാം വർഷവും ആഗസ്റ്റിന് മുമ്പ് കൂടേണ്ടതാണ്.

6. വാർഷിക പൊതുയോഗത്തിൽ പ്രവർത്തന ഫണ്ടും വരവ് - ചെലവ് കണക്കും അടുത്ത വർഷത്തേയ്ക്കുളള ബഡ്ജറ്റും അവതരിപ്പിച്ചു പാസ്സാക്കേണ്ടതാണ്.

7. പൊതുയോഗത്തിന്റെ ക്വോറം ആകെ അംഗങ്ങളുടെ അഞ്ചിൽ മൂന്നായിരിക്കും.

8. പൊതുയോഗത്തിന്റെ നോട്ടീസ് പ്രസ്തുത യോഗത്തിന് 5 ദിവസം മുമ്പെങ്കിലും സെക്രട്ടറി രേഖാമൂലം നോട്ടീസ് നൽകി അംഗങ്ങളെ അറിയിക്കേണ്ടതാണ്.

9. വാർഷിക പൊതുയോഗത്തിൽ സംഘത്തിന്റെ ഭരണം നടത്തുന്നതിന് 7-ൽ കുറയാത്ത ഒരു ഭരണസമിതിയെ തെരഞ്ഞെടുക്കേണ്ടതാണ്.

10. ഒരു ആഡിറ്ററെ തെരഞ്ഞെടുക്കേണ്ടതാണ്. മേൽപ്പറഞ്ഞ പ്രകാരം തെരഞ്ഞെടുക്കുന്ന ഭരണ സമിതിയംഗങ്ങൾ യോഗം ചേർന്ന് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ എന്നിവരെ തെരഞ്ഞെടുക്കേണ്ടതാണ്.

11. ആവശ്യമെങ്കിൽ ഭരണ സമിതി അംഗങ്ങളേയും, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ തുടങ്ങിയവരെയും രഹസ്യബാലറ്റ് മുഖേന തെരഞ്ഞെടുക്കേണ്ടതാണ്.

12. അടിയന്തിര കാര്യങ്ങൾ ചർച്ച ചെയ്യാനായി അസാധാരണ പൊതുയോഗം സെക്രട്ടറിയ്ക്ക് വിളിച്ച് കൂട്ടാവുന്നതാണ്.

13. പൊതുയോഗത്തിൽ പ്രസിഡന്റോ അദ്ദേഹത്തിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റോ ഇരുവരുടേയും അഭാ

| | | |
|---|---|---|
| പ്രസിഡന്റ് | സെക്രട്ടറി | ഖജാൻജി |
| മഹേഷ് കുമാർ | ജയകൃഷ്ണൻ.ആർ | സ്മിത..യു.കെ |

Scanned by CamScanner

വത്തിൽ അംഗങ്ങളിൽ ഒരാളെ താത്ക്കാലിക അദ്ധ്യക്ഷനായോ തെരഞ്ഞെടുത്ത് യോഗ നടപടികൾ നടത്താവുന്നതാണ്.

14. പൊതുയോഗത്തിൽ ഭൂരിപക്ഷാടിസ്ഥാനത്തിൽ തീരുമാനങ്ങൾ കൈകൊള്ളാനും, തുല്യ വോട്ട് വന്നാൽ അദ്ധ്യക്ഷന് കാസ്റ്റിംഗ് വോട്ട് നടത്താവുന്നതാണ്.

15. പൊതുയോഗ നടപടികൾ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തേണ്ടതും, അത് അടുത്ത യോഗത്തിൽ പാസ്സാക്കേണ്ടതുമാണ്.

16. ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ മൂന്നിൽ ഒന്ന് അംഗങ്ങൾ വിശേഷാൽ പൊതുയോഗം വിളിക്കണമെന്ന് സെക്രട്ടറിയോട് രേഖാമൂലം ആവശ്യപ്പെട്ടാൽ അപേക്ഷ കൈപ്പറ്റി 7 ദിവസത്തിനകം വിശേഷാൽ പൊതുയോഗം വിളിച്ചുകൂട്ടേണ്ടതാണ്.

17. ഭരണസമിതിയുടെ നയപരമായ തീരുമാനങ്ങൾ അടുത്ത പൊതുയോഗത്തിൽ വച്ച് അംഗീകാരം നേടേണ്ടതാണ്.

**12. <u>ഭരണസമിതിയോഗം</u>:** 1. മാസത്തിൽ ഒരു തവണയെങ്കിലും ഭരണസമിതിയോഗം കൂടേണ്ടതാണ്.

2. പ്രസിഡന്റ് അദ്ദേഹത്തിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റ് ഇരുവരുടേയും അഭാവത്തിൽ ഭരണസമിതിയിലെ മറ്റൊരാൾ നാമനിർദ്ദേശം ചെയ്തും താത്കാലിക അദ്ധ്യക്ഷനാക്കാവുന്നതാണ്.

3. ഭരണസമിതിയോഗത്തിന് 2 ദിവസം മുമ്പെങ്കിലും നോട്ടീസ് നൽകിയിരിക്കണം, എന്നാൽ അടിയന്തിര സന്ദർഭങ്ങളിൽ നോട്ടീസില്ലാതെയും യോഗം വിളിക്കാവുന്നതുമാണ്.

4. യോഗത്തിൽ സന്നിഹിതരായിട്ടുള്ള അംഗങ്ങളുടെ ഭൂരിപക്ഷാഭിപ്രായം അനുസരിച്ച് തീരുമാനം എടുക്കേണ്ടതാണ്. തുല്യവോട്ട് വന്നാൽ അദ്ധ്യക്ഷന് കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്താവുന്നതാണ്.

| | | |
|---|---|---|
| പ്രസിഡന്റ് | സെക്രട്ടറി | ഖജാൻജി |
| മഹേഷ് കുമാർ | ജയകൃഷ്ണൻ.ആർ | സ്മിത..യു.കെ |

Scanned by CamScanner

5. പൊതുയോഗ നടപടികൾ മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തേണ്ടതും അത് അടുത്ത യോഗത്തിൽ പാസ്സാക്കേണ്ടതുമാണ്.

6. വാർഷിക റിപ്പോർട്ടും വരവ് - ചെലവ് കണക്കും പ്രസിഡന്റിന്റെ പേരിലായിരിക്കണം. ബാക്കി പത്രവും അടുത്ത വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എന്നിവ ഭരണസമിതിയുടെ അംഗീകാരത്തോടുകൂടിയേ വാർഷിക പൊതുയോഗത്തിൽ ഹാജരാക്കാൻ പാടുള്ളു.

7. ഏതെങ്കിലും ഭരണസമിതി അംഗം പ്രസിഡന്റിന്റെ അനുമതി കൂടാതെ തുടർച്ചയായി 3 യോഗത്തിൽ ഹാജർ ആകാതിരുന്നാൽ അദ്ദേഹത്തിന്റെ ഭരണസമിതി അംഗത്വം നഷ്ടപ്പെടുന്നതാണ്.

8. ഭരണസമിതിയംഗത്തിന് ഭരണ സമിതിയിൽ തുടരാൻ കഴിയാതെ വരികയും, അപ്രകാരം തുടരാൻ താൽപര്യമില്ലാതെ വരികയും ചെയ്താൽ, രാജിക്കത്ത് പ്രസിഡന്റിന് നൽകേണ്ടതും, തൽസംബന്ധമായി ഭരണസമിതി കൂടി തീരുമാനമെടുക്കേണ്ടതുമാണ്.

9. ഏതെങ്കിലും സാഹചര്യത്തിൽ ഭരണ സമിതിയിൽ ഒഴിവുണ്ടായാൽ ടി ഒഴിവ് നികത്താൻ ഭരണ സമിതിക്ക് അധികാരം ഉണ്ടായിരിക്കും, ആയതിന് അടുത്തു ചേരുന്ന പൊതുയോഗത്തിന്റെ അംഗീകാരം വാങ്ങിയിരിക്കേണ്ടതുമാണ്.

10. ഭരണസമിതി അംഗത്തിന് ക്ലബ്ബിന്റെ അംഗത്വം നഷ്ടപ്പെട്ടാൽ ഭരണസമിതി അംഗത്വം നഷ്ടപ്പെടുന്നതാണ്.

12. <u>ഭരണം</u> : 1. ക്ലബ്ബിന്റെ ഭരണം തെരഞ്ഞടുക്കപ്പെട്ട 7 അംഗ സമിതിയിൽ നിക്ഷിപ്തമായിരിക്കും.

2. ഭരണസമിതിയുടെ കാലാവധി രണ്ട് വർഷം ആയിരിക്കും.

3. പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി, എന്നിവർ തുടർച്ചായായി ഒരേ സ്ഥാനത്ത് തുടരാൻ പാടില്ല.

| | | |
|---|---|---|
| പ്രസിഡന്റ് | സെക്രട്ടറി | ഖജാൻജി |
| മഹേഷ് കുമാർ | ജയകൃഷ്ണൻ.ആർ | സ്മിത..യു.കെ |

Scanned by CamScanner

4. വാർഷിക പൊതുയോഗ തീയതി മുതൽ 14 (പതിനാല്) ദിവസത്തിനകം ഭരണസമിതി അംഗങ്ങളുടെ ലിസ്റ്റ് ജില്ലാ രജിസ്ട്രാറുടെ ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

## 13. ഭരണസമിതിയുടെ ചുമതലകൾ:

1. സംഘടനയുടെ പ്രവർത്തനങ്ങളുടെ മുഴുവൻ ഉത്തരവാദിത്വവും ഭരണസമിതിയിൽ നിക്ഷിപ്തമായിരിക്കും.

2. പൊതുയോഗ തീരുമാനങ്ങൾ നടപ്പാക്കുക. വരവ് - ചെലവ് കണക്കുകൾ പാസ്സാക്കുക, വാർഷിക വരവ് - ചെലവ് കണക്കും ബാക്കി പത്രവും ഓഡിറ്റർമാരെ കൊണ്ട് പരിശോധിപ്പിക്കുക.

3. വാർഷിക പൊതുയോഗം കഴിഞ്ഞ് 14 ദിവസത്തിനകം പാസ്സാക്കിയ വരവ്-ചെലവ് കണക്കുകളുടെ ശരിപ്പകർപ്പ് പ്രസിഡന്റും സെക്രട്ടറിയും ഖജാൻജിയും ഭരണസമിതിയുടെ 2 അംഗങ്ങളെങ്കിലും ഒപ്പിട്ട് ജില്ലാ രജിസ്ട്രാറുടെ ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

4. സംഘടനയുടെ പേരിൽ ഏതെങ്കിലും ബാങ്കുകളുമായി പണമിടപാടുകൾ നടത്തുന്നു എങ്കിൽ അത് പ്രസിഡന്റ് സെക്രട്ടറി, ഖജാൻജി എന്നിവരുടെ കൂട്ടായ അക്കൗണ്ടിലും പ്രസിഡന്റോ, സെക്രട്ടറിയോ, ട്രഷററോ എന്നിവരിൽ ഒരാളും ചേർന്ന് മാത്രമേ പണമിടപാടുകൾ നടത്താൻ പാടുള്ളു.

## 14. ഭരണസമിതി അംഗങ്ങളുടെ അധികാരങ്ങളും ചുമതലകളും

### 1. പ്രസിഡന്റ്

a) സംഘത്തിന്റെ ഭരണത്തിന്റെ മുഖ്യചുമതല പ്രസിഡന്റിനായിരിക്കും

b) പൊതുയോഗത്തിലും ഭരണസമിതിയിലും അദ്ധ്യക്ഷം വഹിക്കുക.

c) സംഘത്തിനുവേണ്ടിയുള്ള എല്ലാ പ്രമാണങ്ങളും റിക്കാർഡുകളും പ്രസിഡന്റിന്റെ പേരിലായിരിക്കും.

d) ഭാരവാഹികളുടേയും മറ്റു അംഗങ്ങളുടെയും രാജിയിൽ മേൽ നടപടി സ്വീകരിക്കുക.

### 2. വൈസ് പ്രസിഡന്റ്

1. പ്രസിഡന്റിന്റെ അഭാവത്തിൽ അദ്ദേഹത്തിന്റെ അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുക.

2. പ്രസിഡന്റിന്റെ പ്രവർത്തനങ്ങളെ സഹായിക്കുക.

പ്രസിഡന്റ്
മഹേഷ് കുമാർ

സെക്രട്ടറി
ജയകൃഷ്ണൻ.ആർ

ഖജാൻജി
സ്മിത..യു.കെ

Scanned by CamScanner

3. ഭരണസമിതി നിർദ്ദേശിക്കുന്ന മറ്റു ചുമതലകൾ നിർവ്വഹിക്കുക.

## 3. സെക്രട്ടറി

1. പൊതുയോഗത്തിന്റെയും ഭരണസമിതിയുടേയും തീരുമാനങ്ങൾ നടപ്പിലാക്കുക.

2. പ്രസിഡന്റിന്റെ അനുവാദത്തോടെ പൊതുയോഗവും ഭരണസമിതിയോഗവും വിളിച്ചു കൂട്ടുക.

3. സംഘത്തിന്റെ എല്ലാം കാര്യങ്ങളിലും പ്രതിനിധികരിക്കുക.

4. വാർഷിക റിപ്പോർട്ടും തന്നാണ്ടത്തെ വരവ് - ചിലവ് കണക്ക് വരുന്ന വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് ഇവ തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരത്തോടെ പൊതുയോഗത്തിൽ സമർപ്പിക്കുക.

5. സംഘത്തിന്റെ എല്ലാം വൗച്ചറുകളും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരിക്കണം.

6. ഭരണസമിതിയുടെ ലിസ്റ്റ് സംഘത്തിന്റെ ഓഫീസ് വിവരങ്ങൾ പൊതുയോഗം പാസാക്കിയ വാർഷിക വരവ് - ചിലവ് കണക്ക്. ബാക്കി പത്രം ഭേദഗതിയുടെ ശരിപ്പകർപ്പ് എന്നിവ ജില്ലാ രജിസ്ട്രാർ ഓഫീസിൽ സമർപ്പിക്കുക.

7. സംഘത്തിന്റെ പ്രവർത്തനത്തിന് ആവശ്യമായി വരുന്ന തുകകൾ ബഡ്ജറ്റിൽ കവിഞ്ഞുള്ള ചിലവ് ആവശ്യമായി വന്നാൽ അതിന് ഭരണസമിതിയുടെ അംഗീകാരം വാങ്ങുകയോ വർഷാവസാനം സപ്ലിമെന്ററി ബഡ്ജറ്റ് പൊതുയോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങുകയോ ചെയ്യേണ്ടതാണ്.

8. സംഘത്തിന്റെ പണമിടപാട് സംബന്ധിച്ച രേഖകൾ ഒഴികേയുള്ള എല്ലാ റിക്കാർഡുകളും രേഖകളും കൈവശം വച്ച് സൂക്ഷിക്കുക.

9. ഭരണസമിതിയും പൊതുയോഗവും നിശ്ചയിക്കുന്ന മറ്റു കാര്യങ്ങൾ നടപ്പാക്കുക.

## 4. ജോയിന്റ് സെക്രട്ടറി :

1. സെക്രട്ടറിയുടെ പ്രവർത്തനങ്ങളെ സഹായിക്കുകയും അദ്ദേഹത്തിന്റെ അഭാവത്തിൽ ചുമതലകൾ നിർവഹിക്കുകയും ചെയ്യുക.

2. ഭരണസമിതി നിർദ്ദേശിക്കുന്ന മറ്റു ചുമതലകൾ വഹിക്കുക.

## 5. ട്രഷറർ

1. സംഘത്തിന്റെ ഫണ്ട് സൂക്ഷിപ്പുകാരൻ ട്രഷറർ ആയിരിക്കും.

2. എല്ലാ വരവും ചെലവും സംബന്ധിക്കുന്ന കണക്കുകൾ ശരിയായും പൂർണ്ണമായും രേഖപ്പെടുത്തി യഥാസമയം ഓഡിറ്റ് പരിശോധനക്ക് വിധേയമാക്കി കണക്കുകൾ വാർഷിക പൊതുയോഗത്തിൽ അവതരിപ്പിക്കാനുള്ള ചുമതലകൾ വഹിക്കുക

| | | |
|---|---|---|
| പ്രസിഡന്റ് | സെക്രട്ടറി<br>ജയകൃഷ്ണൻ.ആർ | ഖജാൻജി<br>സ്മിത..യു.കെ |

Scanned by CamScanner

3. ബാങ്കിന്റെ പാസ്സ് ബുക്ക്, ചെക്ക് ബുക്ക് സംഘത്തിന്റെ രസീത് മുതലായവ രേഖകൾ സൂക്ഷിക്കുക.

4. എല്ലാ വരവ് ഇനങ്ങൾക്കും സംഘം മുദ്രയുള്ള രസീത് നൽകേണ്ടതാണ്. ചെലവ് ഇനങ്ങൾ വൗച്ചർ ഒപ്പിട്ട് വാങ്ങേണ്ടതാണ്.

5. സംഘത്തിന്റെ വരവിനങ്ങൾ (പണം, ചെക്ക്, ഡ്രാഫ്റ്റ്) ലഭിച്ച് 7 പ്രവർത്തി ദിവസത്തിനകം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

6. ട്രഷററുടെ കൈവശം പരമാവധി 500 (അഞ്ഞൂറ്) രൂപ വരെ സൂക്ഷിക്കാവുന്നതാണ്.

## 15. സംഘം സൂക്ഷിക്കേണ്ടുന്ന റെക്കോർഡുകൾ

1. മെമ്പർഷിപ്പ് രജിസ്റ്റർ
2. രസീത് ബുക്ക് വൗച്ചർ ബുക്ക്
3. ക്യാഷ് ബുക്കും അനുബന്ധ രജിസ്റ്ററുകളും
4. സ്റ്റോക്ക് രജിസ്റ്റർ
5. നോട്ടീസ് ബുക്ക്
6. മിനിറ്റ്സ് ബുക്ക്
7. വരിസംഖ്യ
8. മറ്റു രജിസ്റ്ററുകൾ

## 16. വാർഷിക പൊതുയോഗം

സമിതിയുടെ വാർഷിക പൊതുയോഗം എല്ലാ വർഷവും ജൂൺ 30 നകം നടത്തേണ്ടതും പൊതുയോഗത്തിൽ നിന്ന് ഒരാളെ ഓഡിറ്ററായി തിരഞ്ഞെടുക്കേണ്ടതുമാണ്.

## 17. വ്യവഹാരങ്ങളും ബാദ്ധ്യതകളും

1. സംഘത്തിന്റെ പേരിൽ അതുമായി ബന്ധപ്പെട്ട എല്ലാ കേസ്സുകളും സംഘത്തിനു വേണ്ടി സെക്രട്ടറി നടത്തേണ്ടതാണ്.

2 . സംഘത്തിന് പിരിഞ്ഞു കിട്ടാനുള്ള തുകകൾ ഈടാക്കുന്നതിന് ഭരണസമിതിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

## 17. വാർഷിക റിട്ടേൺ സമർപ്പിക്കൽ

1. സംഘത്തിന്റെ വാർഷിക പൊതുയോഗം ചേർന്ന് 14 ദിവസത്തിനകം പുതിയ വർഷത്തേക്കുള്ള ഭരണസമിതി അംഗങ്ങളുടെ ലിസ്റ്റും പൊതുയോഗം പാസാക്കിയ

പ്രസിഡന്റ്
മഹേഷ് കുമാർ

സെക്രട്ടറി
ജയകൃഷ്ണൻ.ആർ

ഖജാൻജി
സ്മിത..യു.കെ

Scanned by CamScanner

വരവു ചെലവു കണക്ക് സ്റ്റേറ്റ്മെന്റ് , ബാലൻസ് ഷീറ്റ് എന്നിവയുടെ 3 ഭരണസമിതി അംഗങ്ങൾ സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പും സൊസൈറ്റി രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

## *18. നിയമാവലി ഭേദഗതി*

രജിസ്ട്രേഷൻ ആക്ടിന്റെ നിബന്ധനകൾക്ക് വിധേയമായി **സ്റ്റേറ്റ് റഗ്ബി അസ്സോസിയേഷൻ** ന്റെ നിയമാവലിയിൽ ഭേദഗതി വരുത്തുവാൻ പൊതുയോഗത്തിന് അധികാരം ഉണ്ടായിരിക്കും. ടി ഭേദഗതിക്കുള്ള നോട്ടീസ് 7 ദിവസങ്ങൾക്ക് മുൻപ് ഭരണ സമിതിക്ക് നൽകിയിരിക്കേണ്ടതാണ്. പൊതുയോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങളുടെ 3/5 ഭൂരിപക്ഷം ഭേദഗതികൾ അംഗീകരിക്കുന്നതിന് ഉണ്ടായിരിക്കേണ്ടതാണ്.

20. സംഘടനയുടെ സ്വതന്ത്ര സ്വഭാവം സംരക്ഷിക്കുന്നതിന് രാഷ്ട്രീയ ജാതി മത സർവ്വീസ് ട്രേഡ് യൂണിയൻ സംഘടനകളുടെ ഭാരവാഹികൾ ഈ സമിതിയിൽ ഭാരവാഹികളാകാൻ പാടില്ലാത്തതാണ്.

21. ഈ സംഘടനയുടെ പ്രവർത്തനം നിലച്ചു പോകുകയാണങ്കിൽ ഈ സമിതിയുടെ ബാധ്യത കഴിച്ചുള്ള സകല സ്വത്തുക്കളും ഇതിനോടു സാമ്യപമുള്ള മറ്റേതെങ്കിലും സംഘടനയിലോ ഗവൺമെന്റിലോ ചേരുന്നതായിരിക്കും.

| | | |
|---|---|---|
| പ്രസിഡന്റ് | സെക്രട്ടറി | ഖജാൻജി |
| മഹേഷ് കുമാർ | ജയകൃഷ്ണൻ.ആർ | സ്മിത..യു.കെ |

Scanned by CamScanner